ചെമ്പ് ഗ്രാമപഞ്ചായത്ത്
ISO 9001:2015 CERTIFIED OFFICE
ബ്രഹ്മമംഗലം.പി.ഒ, വൈക്കം,കോട്ടയം, പിൻ:686605
PHONE: 04829 273123,Email:chempugp@gmail.com, www.lsgkerala.in/chempupanchayat

SCD-225/26 03.07.2026

# പുനർ ദർഘാസ് പരസ്യം

ചെമ്പ് ഗ്രാമപഞ്ചായത്ത് 2026-27 വാർഷിക പദ്ധതിയില് ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്ന താഴെ പറയുന്ന പ്രവൃത്തി ചെയ്യുന്നതിന് വ്യക്തികള്/ കരാറുകാരിൽ നിന്നും സീൽ വെച്ച കവറില് മത്സര സ്വഭാവമുള്ള ടെണ്ടറുകള് ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടർ ഫോറങ്ങൾ 18.07.2026 ഉച്ചയ്ക്ക് 1 മണിവരെ വിതരണം നടത്തുന്നതാണ്. ടെണ്ടറുകൾ 18.07.2026 തീയതി ഉച്ചയ്ക്ക് 3 വരെ സ്വീകരിക്കുന്നതായിരിക്കും. ലഭിക്കുന്ന ടെണ്ടറുകൾ 18.07.2026 തീയതി 4 മണിയ്ക്ക് ഹാജരുള്ള ടെണ്ടറുകള് നൽകിയവരുടെ സാന്നിധ്യത്തില് തുറന്ന് പരിശോധിക്കുന്നതായിരിക്കും. ടി ദിവസം എന്തെങ്കിലും കാരണവശാൽ അവധിയാകയാൽ ടി സമയ ക്രമത്തില് തന്നെ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടര് നടപടികൾ പൂർത്തിയാക്കുന്നതാണ്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക | നിരത ദ്രവ്യം | ഫോറം വില GST 18% |
|---|---|---|---|---|---|---|
| 1. | 91/27 | ശുചിത്വ വീഥി - റോഡുകളുടെ ശുചീകരണം | സെക്രട്ടറി | 60000/- | 1500/- | 500+GST |
| 2. | 92/27 | ജല സമൃദ്ധി - പൊതു തോടുകളുടെ ശുചീകരണം | സെക്രട്ടറി | 50000/- | 1250/- | 500+GST |

## പൊതു നിർദ്ദേശങ്ങള് - കൃത്യമായി വായിച്ച് മനസ്സിലാക്കി ടെണ്ടര് സമർപ്പിക്കുക

- **ശുചിത്വ വീഥി - റോഡുകളുടെ ശുചീകരണം** - പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട പൊതു റോഡുകളും, നടപ്പ് വഴികളും 3 മാസ ഇടവേളകളിൽ/ പഞ്ചായത്തിൽ നിന്ന് അറിയിക്കുന്ന മുറയ്ക്ക്, പഞ്ചായത്ത് ക്വട്ടേഷൻ/ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ മുഖേന മെഷിയൻ ഉപയോഗിച്ച് ഇരുവശവുമുള്ള പുല്ലുകളും, കാടുകളും വൃത്തിയാക്കി വഴിയാത്രക്കാർക്കും, വാഹനയാത്രക്കാർക്കും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിന്

വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിൻറെ അടിസ്ഥാനത്തിൽ കൂലി നൽകുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്യുന്നത്. - ഇപ്രകാരം ചെയ്യുന്നതിന് തയ്യാറുള്ള വ്യക്തികള്/ സ്ഥാപനങ്ങൾ ഒരു ദിവസം ഈ പ്രവർത്തി ചെയ്യുന്നതിന് ആകെ പഞ്ചായത്ത് നൽകേണ്ട തുകയോ, ഒരു മണിക്കൂർ ഈ പ്രവർത്തി ചെയ്യുന്നതിന് പഞ്ചായത്ത് നൽകേണ്ട തുകയോ ഇതില് ഏതാണ് സ്വീകാര്യം അതിനുള്ള റേറ്റ് ടെണ്ടറിൽ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്.

- <u>ശുചിത്വ വീഥി - റോഡുകളുടെ ശുചീകരണം</u> - ടി പദ്ധതിയ്ക്ക് ടെണ്ടറ് സമർപ്പിക്കുന്നവര് ബ്രഹ്മമംഗലം മേഖല, ചെമ്പ് മേഖല, അല്ലെങ്കില് ഏതെങ്കിലും പ്രത്യേകമായ വാർഡ് എതിലാണോ ടെണ്ടറ് പ്രകാരം പ്രവർത്തി ചെയ്യാന് സാധിക്കുന്നതെന്ന് ടെണ്ടറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

- <u>ജല സമൃദ്ധി - പൊതു തോടുകളുടെ ശുചീകരണം</u> - പഞ്ചായത്ത് ടെണ്ടർ/ ക്വട്ടേഷൻ മാർഗ്ഗങ്ങളിലൂടെ തിരഞ്ഞെടുക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ മുഖേന പഞ്ചായത്തിൻറെ 16 വാർഡുകളിലുള്ള പൊതു തോടുകളിലെ, പുല്ലാന്തിയാർ, മൂവാറ്റുപുഴയാർ എന്നിവയിലെ നീരൊഴുക്ക് വർദ്ധിപ്പിച്ച് ജല ശുചിത്വം ഉറപ്പ് വരുത്തുന്നതിനും, വള്ളങ്ങൾക്കും മറ്റ് ജലയാനങ്ങൾക്കും സുഗമമായി കടന്ന് പോകത്തക്കവിധം എല്ലാ ജലാശയങ്ങളിലും 3 മാസ ഇടവേളകളിൽ/ പഞ്ചായത്തില് നിന്ന് അറിയിക്കുന്ന മുറയ്ക്ക് വള്ളത്തിൽ/ കരമാർഗ്ഗം എത്തി പായലുകളും, പോളകളും മറ്റു മാലിന്യങ്ങളും മാറ്റി തോടുകളുടെ ശുചീകരണം ഉറപ്പ് വരുത്തുന്നതിന് ഇതിലേർപ്പെടുന്ന വ്യക്തിയ്ക്ക്/ സ്ഥാപനത്തിന് വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിൻറെ അടിസ്ഥാനത്തിൽ കൂലി നൽകുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്യുന്നത്. ഇപ്രകാരം ചെയ്യുന്നതിന് തയ്യാറുള്ള വ്യക്തികള്/ സ്ഥാപനങ്ങൾ ഒരു ദിവസം ഈ പ്രവർത്തി ചെയ്യുന്നതിന് ആകെ പഞ്ചായത്ത് നൽകേണ്ട തുകയോ, ഒരു മണിക്കൂർ ഈ പ്രവർത്തി ചെയ്യുന്നതിന് പഞ്ചായത്ത് നൽകേണ്ട തുകയോ ഇതില് ഏതാണ് സ്വീകാര്യം അതിനുള്ള റേറ്റ് ടെണ്ടറില് പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്.

- <u>ജല സമൃദ്ധി - പൊതു തോടുകളുടെ ശുചീകരണം</u> - ടി പദ്ധതിയ്ക്ക് ടെണ്ടർ സമർപ്പിക്കുന്നവര് ബ്രഹ്മമംഗലം മേഖല, ചെമ്പ് മേഖല, അല്ലെങ്കില് ഏതെങ്കിലും പ്രത്യേകമായ വാർഡ് എതിലാണോ ടെണ്ടറ് പ്രകാരം പ്രവർത്തി ചെയ്യാന് സാധിക്കുന്നതെന്ന് ടെണ്ടറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

1. ദർഘാസുകള് പ്രവർത്തിയുടെ പേര് ആലേഖനം ചെയ്ത് മുദ്രവച്ച കവറില് സമർപ്പിക്കണം.

2. ടെണ്ടർ ഫോറങ്ങള് 18.07.2026 ഉച്ചയ്ക്ക് 1 മണിവരെ വിതരണം നടത്തുന്നതാണ്. ടെണ്ടറുകൾ 18.07.2026 തീയതി ഉച്ചയ്ക്ക് 3 വരെ സ്വീകരിക്കുന്നതും, 18.07.2026 തീയതി 4 മണിയ്ക്ക് ഹാജരുള്ള ടെണ്ടറുകൾ നൽകിയവരുടെ സാന്നിധ്യത്തില് തുറന്ന് പരിശോധിക്കുന്നതുമാണ്.

3. ദർഘാസുകള് തപാലില് രജിസ്റ്റർ ചെയ്ത് അയക്കുകയോ സ്പീഡ് പോസ്റ്റില് അയക്കുകയോ ചെയ്യാവുന്നതാണ്. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ടെൻഡർ സ്വീകരിക്കുന്ന ആൾ ഉത്തരവാദിയല്ല.

4. യാതൊരു കാരണവും കാണിക്കാതെ ദർഘാസുകള് നിരസിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

5.ടെണ്ടറിനോപ്പം നിരതദ്രവ്യം പഞ്ചായത്തില് അടച്ച രസീത് / ദേശസാൽകൃത ബാങ്കില് സ്ഥിര നിക്ഷേപം സെക്രട്ടറിയുടെ പേരിൽ പണയപ്പെടുത്തിയത് എന്നിവയിലൊന്ന് ഹാജരാക്കണം.

6. ദർഘാസ് ദിവസം ഏതെങ്കിലും കാരണത്താല് അവധിയാകയാല് അടുത്ത ദിവസം പറഞ്ഞിട്ടുള്ള സമയങ്ങളിൽ ദർഘാസുകള് സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

7. കൂടുതൽ വിവരങ്ങള് https://lsgkerala.gov.in/ എന്ന വെബ് സൈറ്റിൽ നിന്നോ, പഞ്ചായത്ത് ഓഫീസിൽ നിന്നോ അറിയാവുന്നതാണ്.

Chempu ... Office * Brahmamangalam P.O. *

N ANOOP (PEN 577570)
Secretary
Chempu Grama Panchayat
Brahmamangalam P.O. PIN - 686605
Mob: 9496044605